SACRED HEART A.L.P.S
School
Code: 13421
PAYYAVOOR

# സേക്രഡ് ഹാർട്ട് എ.എൽ.പി.സ്കൂൾ

# പയ്യാവൂർ

PH: 04602 211532



# പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# മാസ്റ്റർ പ്ലാൻ

## 2025 - 2026

# PROFILE

| | | |
|---|---|---|
| Name of School with Land No | : | Sacred Heart A.L.P.S.<br>Payyavoor<br>Ph: 04602 211532 |
| Name of Revenue Village | : | Payyavoor |
| Name of Cluster (CRC) | : | Payyavoor |
| Name of Panchayath | : | Payyavoor |
| Name of Block | : | Irikkur |
| Name of District | : | Kannur |
| Name of Sub. District | : | Irikkur |
| Name of Headmaster | : | Shri. Shajimon T.K. |

SACRED HEART A.L.P.S. • PAYYAVOOR • School Code: 13424

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട [illegible] കേരളാ വിദ്യാഭ്യാസ മന്ത്രി ബി. ശിവൻകുട്ടി അവറുകളുടെ ഉത്തരവ് പ്രകാരം പയ്യാവൂർ സേക്രഡ് ഹാർട്ട് എൽ.പി. സ്കൂളിൽ ജൂൺ മുതൽ 2025 വരെയുള്ള വർഷത്തിൽ അക്കാദമികം, ഭൗതികം, സാമൂഹികം എന്നീ മണ്ഡലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ലാൻ മാനേജ്മെന്റ്, ഡിപ്പാർട്ടുമെന്റ്, സാമൂഹ്യ പ്രതിനിധികൾ, പൂർവ്വാധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ, പൊതുസമൂഹം എന്നിവരുടെ മഹനീയ സാന്നിധ്യത്തിൽ എസ്.ആർ.ജി. കൺവീനർ ശ്രീമതി ബിജി മത്തായി അവതരിപ്പിക്കുന്നു.

അധ്യാപകർ, വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധർ, വാർഡ് മെമ്പർ, വിവിധ മേഖലകളിൽ പ്രാവീണ്യം പുലർത്തുന്ന വ്യക്തികൾ, പി.ടി.എ. പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെയെല്ലാം ഉപദേശങ്ങളും നിർദ്ദേശങ്ങളും, ആശയങ്ങളും സ്വരൂപിച്ചാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## Chapter-1

**ആമുഖം**-സ്കൂൾ ചരിത്രം ലഘു രൂപത്തിൽ

മലബാറിലെ കിഴക്കൻ മലയോര മേഖലയായ പയ്യാവൂർ പ്രദേശത്ത് കുടിയേറിപ്പാർത്ത പാവപ്പെട്ടവരുടെ കുട്ടികൾക്കായി കോട്ടയം അതിരൂപതയിലെ വൈദികരും ശ്രേഷ്ഠരും നല്ലവരായ നാട്ടുകാരും കഠിനാധ്വാനം ചെയ്ത് പടുത്തുയർത്തിയതാണ് സേക്രട്ട് ഹാർട്ട് ന്യൂ എലിമെന്ററി സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയം. 1-1-1948 ൽ ആണ് ഇത് സ്ഥാപിതമായത്..വി. ടി അന്നമ്മ ഹെഡ്മിസ്ട്രസ്സായും ടി.ഒ തോമസ്സ് ഫസ്റ്റ് അസിസ്റ്റന്റായും രണ്ട് അധ്യാപകരാണ് ഉണ്ടായിരുന്നത്.ആദ്യത്തെ മാനേജർ ബഹു.മറ്റത്തിൽ സിറിയക്ക് അച്ചനായിരുന്നു.11-6-1956 -ൽ സേക്രട്ട് ഹാർട്ട് ഹയർ എലിമെന്ററി സ്കൂൾ പയ്യാവൂർ എന്ന പേരിൽ സ്റ്റാൻഡേർഡ് 1 മുതൽ ആറു വരെ ക്ലാസുകൾ ആരംഭിച്ചു. 1957 ൽ ഏഴാം ക്ലാസും 1958-59 -ൽ എട്ടാം ക്ലാസ്സും ആരംഭിച്ചു. 1961-62 അധ്യയന വർഷം മുതൽ ഗവൺമെന്റ് പുതിയ നിയമമനുസരിച്ച് 4 വരെ പ്രൈമറിയും അഞ്ചു മുതൽ ഹൈസ്കൂൾ സെക്ഷനായി വേറിട്ട പ്രവർത്തനം തുടങ്ങി.15 ഡിവിഷൻ വരെ കുട്ടികളുള്ള ഒരു സ്കൂൾ ആയിരുന്നു ഇത്. ഇപ്പോൾ 8 ഡിവിഷൻ പ്രവർത്തിക്കുന്നു.

ഇരിക്കൂർ ഉപജില്ലയിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. 2004-2005 മുതൽ കോട്ടയം അതിരൂപതയിലെ ബെസ്റ്റ് സ്കൂളിനുള്ള അവാർഡ് ഈ വിദ്യാലയത്തിനാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ മികച്ച അധ്യാപകനായി ഈ സ്കൂളിലുണ്ടായിരുന്ന ശ്രീ.ബെന്നി ടി.ജെ യെ തെരെഞ്ഞെടുത്തു. എല്ലാ വിധ ഭൗതീക സാഹചര്യവും ഉള്ള ഈ വിദ്യാലയം അനുദിനം പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. **2018മുതൽ ശ്രീ. ഷാജിമോൻ റ്റി.കെ. ഈ വിദ്യാലയത്തിലെ പ്രധാനാധ്യാപകനാണ്**

കലാകായിക ശാസ്ത്ര പ്രദർശന മത്സരങ്ങളിൽ ഈ സ്കൂൾ മികച്ച പ്രകടനം കാഴ്ച്ച വെക്കുന്നു. മാറിയ പാഠപുസ്തകങ്ങളിൽ നിന്നുള്ള നല്ല നല്ല ആശയങ്ങൾ ഉൾക്കൊണ്ട് അറിവിനോടൊപ്പം ആത്മീയവും, സാമൂഹ്യവുമായ മേഖലകളിൽ കരുത്തുറ്റ വിദ്യാർത്ഥികളെ വാർത്തെടുക്കാൻ ഇവിടുത്തെ അധ്യാപകർ തികഞ്ഞ ആത്മാർത്ഥതയോടും കൃത്യ നിഷ്ഠയോടുംകൂടി പ്രവർത്തിച്ചു വരുന്നു. ഓരോ കുട്ടിയേയും,അവർ ആയിരിക്കുന്ന അവസ്ഥയേയും നന്നായി മനസിലാക്കി അവർക്കു വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും അതാതു സമയങ്ങളിൽ കൊടുത്തുവരുന്നു.

# വിദ്യാലയം സ്ഥാപിതമായിരുന്ന കാലത്തെ കുട്ടികളുടെ സാമൂഹിക,സാമ്പത്തിക,പശ്ചാത്തലം

ഈ വിദ്യാലം സ്ഥാപിതമായിരുന്ന കാലത്ത് ജനങ്ങൾ സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. അന്നത്തെ ജനങ്ങൾ ദീർഘ വീക്ഷണത്തോടെ കഠിനമായി അധ്വാനം ചെയ്ത് പടുത്തുയർത്തിയതാണ് ഈ വിദ്യാലയം.ആവശ്യത്തിന് ആഹാരമോ,വസ്ത്രമോ,പാർപ്പിട സൗകര്യങ്ങളോ ഇല്ലാതിരുന്ന അവസ്ഥയിൽ ഓരോ കുട്ടിയും വളരെ കഷ്ടപ്പെട്ടാണ് ഈ വിദ്യാലത്തിൽ എത്തിയിരുന്നത്. പകർച്ചവ്യാധികൾ പിടിപ്പെട്ട് മരണമടഞ്ഞവർ അനേകം. അധ്വാനിച്ചുണ്ടാക്കുന്ന ആഹാരസാധനങ്ങളുടെ നല്ല പങ്കും കാട്ടുമൃഗങ്ങൾ നശിപ്പിച്ചു കളയുമായിരുന്നു. ആവശ്യത്തിന് ബെഞ്ചും ഡെസ്ക്കും ഒന്നുമില്ലാതെ-പഠനോപകരണങ്ങൾ ഒന്നുമില്ലാതെ-തറയിൽ ഇരുന്ന് കുട്ടികൾ വിദ്യ അഭ്യസിച്ചു വന്നു.അന്നത്തെ ദാരിദ്യം കാരണം പലകുട്ടികളും ഇടയ്ക്ക് വെച്ച് പഠനം നിർത്തിപ്പോയെന്ന് സ്കൂൾ റെക്കോർഡിൽ നിന്നും നമുക്ക് മനസിലാക്കാൻ കഴിയും. അന്നത്തെ ജനങ്ങളുടെ ദീർഘ വീക്ഷണമാണ് ഇന്നത്തെ കുട്ടികൾ അനുഭവിക്കുന്ന സുഖവും സന്തോഷവും.

## ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പശ്ചാത്തലം.

ദാരിദ്ര്യവും കഷ്ടപ്പാടുകളും നിറഞ്ഞ അവസ്ഥയിലൂടെ കടന്നുപോയ ആദ്യ തലമുറയെക്കാൾ, മെച്ചപ്പെട്ട സാമൂഹിക സാമ്പത്തിക സാംസ്കാരിക പശ്ചാത്തലത്തിൽ ജീവിക്കുന്നവരാണ് ഇന്നത്തെ കുട്ടികൾ. വീട്ടിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള 20% കുട്ടികൾ മാത്രമേ ഉള്ളൂവെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടറിയിക്കാതെ അവരുടെ മാതാപിതാക്കൾ കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നു. നടന്ന് സ്കൂളിലേക്ക് വരുന്ന കുട്ടികൾ വളരെക്കുറവേയുള്ളൂ. മിക്കവാറും കുട്ടികൾ സ്കൂളിലെത്തുന്നതിന് സ്കൂൾ വാഹനത്തെ ആശ്രയിക്കുന്നു. പഠിക്കാനുള്ള എല്ലാ സാഹചര്യങ്ങളും മാതാപിതാക്കളുംസ്കൂൾഅധികാരികളുംനൽകുന്നു.ഗവൺമെന്റ്നൽകുന്ന സൗജന്യ പാഠപുസ്തകങ്ങളും യൂണിഫോമും, ഉച്ചഭക്ഷണ പരിപാടിയും പഠന പദ്ധതികളുമെല്ലാം കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതൽ അടുപ്പിച്ചു.

### സാമൂഹിക പങ്കാളിത്തം - നിലവിലെ അവസ്ഥ

അധ്യാപക രക്ഷാകർത്തൃസമിതി വളരെ നല്ല രീതിയിൽ ഈ സ്കൂളിൽ പ്രവർത്തിക്കുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും പി.ടി.എ.യുടെ സഹകരണം തേടുന്നു. പ്രത്യേകിച്ച് ഓണാഘോഷം, ക്രിസ്തുമസ് ആഘോഷം, ദേശീയ ദിനാചരണങ്ങൾ എന്നിവ പി.ടി.എ.യുടെ പരിപൂർണ്ണ ഉത്തരവാദിത്വത്തിൽ നടത്തിവരുന്നു. അങ്ങനെ എല്ലാ പ്രവർത്തനങ്ങളിലും പി.ടി.എ. സജീവമായി പ്രവർത്തിക്കുന്നു. മദർ പി.ടി.എ.യുടെ നേതൃത്വത്തിൽ അമ്മമാർക്ക് ക്ലാസ്സ്, ആരോഗ്യ ക്ലാസ്സ്, ശുചിത്വ പ്രവർത്തനങ്ങൾ, എന്നിവ നടത്തിവരുന്നു. എസ്.ആർ.ജി. ആവശ്യാനുസരണം കൂടുകയും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും, ഓരോ പാഠത്തിലും ഊന്നൽ കൊടുക്കേണ്ട ആശയം

കണ്ടെത്തുകയും, സംശയങ്ങൾ കണ്ടെത്തുകയും, സംശയങ്ങൾ നിവാരണം ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ കുട്ടികളു ടെ സഹകരണത്തോടെ ശുചിത്വശീലങ്ങൾ, കുട്ടികളിൽ ആത്മീ യ ഉണർവിനുവേണ്ടി സന്മാർഗ്ഗ ക്ലാസ്സുകളും ഓറിയേന്റെഷൻ ക്യാമ്പുകളും നടത്തിവരുന്നു. കുട്ടികൾക്ക് കൗൺസലിങ്ങ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

കുട്ടികളിൽ കോവിഡാനന്തരം സംഭവിച്ച പഠന വിടവുകൾ നികത്താനാവശ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഭിന്നശേഷി തലത്തിലുള്ള വിദ്യാർത്ഥി കളുടെ അക്കാദമികവും മാനസികവുമായ പഠനപ്രവർത്തനങ്ങൾ നൽകുന്നു. കുട്ടികളിലെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതി നുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഭിന്നശേഷി വി ദ്യാർത്ഥികൾക്ക് ആവശ്യമായ സേവനങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു. വിദ്യാലയം ''ഹാപ്പി വിദ്യാലയം'' ആക്കുന്നതിന്റെഭാഗമായിഉല്ലാസഭരിതമായപഠനാന്തരീക്ഷംസൃഷ്ടി ച്ചുകൊണ്ട്മുഴുവൻവിദ്യാർത്ഥികളെയുംഉൾച്ചേർത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. നാലാം ക്ലാസ്സിലെ കുട്ടി കൾക്ക് L.S.S. പരിശീലനം നൽകുകയും കൂടുതൽ കുട്ടികൾ L.S.S. സ്കോളർഷിപ്പിനർഹരാകുകയും ചെയ്യുന്നു.



## മാസ്റ്റർ പ്ലാൻ- മലയാളം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ ഭാഷയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട്,മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരും,എഴുത്തുകാരുമാക്കിത്തീർക്കാൻ സേക്രട്ട് ഹാർട്ട് എൽ.പി.സ്കൂളിൽ നടത്തുന്ന പദ്ധതികളാണ് ഇവിടെ പരാമർശിക്കുന്നത്. രക്ഷകർത്താക്കളുടേയും അധ്യാപകരുടെയും ,കുട്ടികളുടേയും ആത്മാർത്ഥമായ പങ്കാളിത്തം ഇവിടെ അനിവാര്യമാണ്. ഒന്നുമുതൽ 4 വരെ ക്ലാസ്സുകളിലായി നേടേണ്ട ശേഷികളും,ശേഷികൾ നേടാനുള്ള പ്രവർത്തനങ്ങളും നടന്നു കഴിയുമ്പോഴാണ് ഒരു വിദ്യാലയം ഏറ്റവും മികച്ചതാകുന്നത് .


# മാസ്റ്റർ പ്ലാൻ-മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്സ് ,വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ഒന്നുമുതൽ 4 വരെ ക്ലാസ്സിലെ കുട്ടികൾ | ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ,ക്ലാസ്സ് ലൈബ്രറി,വായനോത്സവം സംഘടിപ്പിക്കൽ,അമ്മവായന,പത്ര വായന ബാലസഭ ,ദിനാചരണങ്ങൾ നടത്തുക,മലയാളത്തിളക്കം,ശ്രദ്ധ തുടങ്ങിയ പ്രവർത്തനങ്ങൾ, ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | BRC |
| 2 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | ഒന്നുമുതൽ 4 വരെ ക്ലാസ്സിലെ കുട്ടികൾ | എഴുത്തുകൂട്ടം രൂപീകരണം നടത്തുക,വായനക്കുറിപ്പു തയ്യാറാക്കുക,പതിപ്പുകൾ തയ്യാറാക്കുക,വർക്ക് ഷീറ്റ് തയ്യാറാക്കുക,വായന സാമഗ്രികളുടെ ഉപയോഗം,മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | BRC |

| | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| * | എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുന്നു. | 1, 2 | സചിത്ര നോട്ടുബു<br>സചിത്ര ആസൂത്രണ കുറിപ്പ് എന്നിവ തയ്യാറാക്കുന്നു. | ജൂൺ | ക്ലാസ്സ് ടീച്ചർ |
| * | രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്നു. | 1, 2 | സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം ബോധ്യപ്പെടുത്തുന്നു. | ജൂലൈ | ക്ലാസ്സ് ടീച്ചർ |
| * | മികച്ച വായന | 1, 2 | വായനോത്സവം, അമ്മ വായന | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ |
| * | തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങൾ എഴുതുന്നു. | 1, 2 | രചനോത്സവം, അമ്മ ഡയറി | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ |

| | | | | | | |
|---|---|---|---|---|---|---|
| 3 | അക്ഷരം ഉറപ്പിക്കുക | ഒന്നും രണ്ടും ക്ലാസ്സുകൾക്ക് | അക്ഷരപ്പാട്ടുകൾ,അക്ഷരക്കാർഡുകൾ,ചിത്രങ്ങൾ,മണൽ,പത്രങ്ങൾ, ബ'ലമാസികകൾ, സാദ്ധ്യതകൾ- എന്നിവയുടെ ഉപയോഗം സി.ഡി. പ്രദർശനം, ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ | |
| 4 | ചിഹ്നങ്ങൾ ഉറപ്പിക്കൽ | ഒന്നും രണ്ടും ക്ലാസ്സുകൾക്ക് | ചിത്രങ്ങൾ ഉപയോഗിക്കുക,ആഭരങ്ങൾ അണിയിക്കാം,ചിതലരിച്ച ഡയറി,അക്ഷരങ്ങളും ചിഹ്നങ്ങളും എഴുതിയ കാർഡ് പ്രദർശിപ്പിക്കൽ ,കഥയുടെ ബാക്കി പറയിക്കൽ, എഴുതിക്കൽ, ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ | BRC |
| 5 | സംഭാഷണം | 1 മുതൽ 4 വരെ ക്ലാസ്സിലെ കുട്ടികൾ | അഭിമുഖം,ലഘു നാടകങ്ങൾ,കഥ,നാടകമാക്കൽ,വിവരണം നടത്തുക, ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ പി.ടി.എ | ഗ്രന്ഥശാല |
| 6 | വിവരണം | 1 മുതൽ 4 വരെ ക്ലാസ്സിലെ കുട്ടികൾ | ചിത്രങ്ങൾ കാണിച്ച് വിവരണം നടത്തുക,പൊതുവായ വിഷയത്തെക്കുറിച്ച് എഴുതുക,വീട്ടിൽ നടക്കുന്ന ആഘോഷങ്ങളുടെ വിവരണം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, രക്ഷിതാക്കൾ | |


| | | | | | | |
|---|---|---|---|---|---|---|
| 7 | കഥ,കവിത | | സൂചനകളിൽ നിന്ന് കഥയുണ്ടാക്കൽ, ചിത്രങ്ങളിൽ നിന്ന് കഥയുണ്ടാക്കൽ കഥാ പോക്കറ്റ് ഉണ്ടാക്കുക, ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, രക്ഷിതാക്കൾ | PTA |
| 8 | ഭിന്നശേഷിക്കാരെ പരിഗണിക്കൽ | 1 മുതൽ 4 വരെ ക്ലാസ്സ് | ഭിന്നശേഷിക്കാർക്ക് വേണ്ടി IEDC-ൻറെ സേവനം ലഭ്യമാക്കുന്നു. ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർക്കും BRC | BRC |



# മാസ്റ്റർ പ്ലാൻ-പരിസര പഠനം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് പൊതുവിദ്യാലയങ്ങളിൽ വിപ്ലവാത്മകമായ മാറ്റങ്ങളാണ് നടന്ന് കൊണ്ടിരിക്കുന്നത്. ഒരു കുട്ടിയെ ഒരു യൂണിറ്റായി കണ്ടുകൊണ്ട് പൊതു വിദ്യാലയങ്ങൾക്കാവശ്യമായ അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ പുരോഗതി നേടുന്നതിനും ഓരോ വിദ്യാലയവും ഹൈടെക് ആക്കുന്നതിൻറെ ഭാഗമായി 5 വർഷത്തിനുള്ളിൽ വിദ്യാലയത്തിൽ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുന്ന മാസ്റ്റർ പ്ലാൻ.

പരിസരപഠനവുമായി ബന്ധപ്പെട്ട് 1-മുതൽ 4- വരെ ക്ലാസ്സുകളിൽ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി കുട്ടികളിൽ എത്തേണ്ടതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കും. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ ശാസ്ത്രപഠനത്തിൽ തേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.




| ക്രമ നമ്പർ | ലക്ഷ്യം | പരിസരപഠനം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പരിസരപഠനത്തിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും | 1 മുതൽ 4 വരെ എല്ലാ കുട്ടികൾക്കും | വിദഗ്ധരുടെ ക്ലാസുകൾ ഫീൽഡ് ട്രിപ്പ് പരീക്ഷണം നിരീക്ഷണം ശാസ്ത്രമൂല ശാസ്ത്രമേളയിൽ പങ്കെടുപ്പിക്കും ശാസ്ത്ര ക്വിസ്സ് നടത്തും. ശാസ്ത്ര പുസ്തകങ്ങൾ റഫറൻസ് ചെയ്യാൻ അവസരം നൽകും.ഐ.റ്റി.ലാബ് നവീകരണം. | എല്ലാ വർഷവും | അധ്യാപകർ,പി.റ്റി.എ സയൻസ് ക്ലബ് അംഗങ്ങൾ അക്കാദമിക സ്ഥാപങ്ങളുടെ സേവനം | |
| 2 | കൃഷിയുമായി ബന്ധപ്പെട്ട പഠന പ്രവർത്തങ്ങൾ നടത്തും | 1 മുതൽ 4 വരെ എല്ലാ കുട്ടികൾക്കും | പച്ചക്കറിത്തോട്ട നിർമ്മാണം ജൈവ വൈവിധ്യ പാർക്ക് ശലഭോദ്യാനം പതിപ്പുകൾ നിരീക്ഷണം വിത്ത് ശേഖരണം കൃഷി സ്ഥലങ്ങൾ സന്ദർശനം കർഷകരുമായുള്ള അഭിമുഖം ICT ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി പ്രയോജനപ്പെടുത്തും | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | പരീക്ഷണങ്ങൾ കണ്ടെത്തി ക്ലാസ്സുകളിൽ നടപ്പിലാക്കും | 1 മുതൽ 4 വരെയുള്ള ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും | പരീക്ഷണ ലിസ്റ്റ് തയ്യാറാക്കും.ചെലവ് കുറഞ്ഞതും സീറോ കോസ്റ്റ് എന്നിങ്ങനെ തരം തിരിച്ച് വയ്ക്കും.പരീക്ഷണ സാമഗ്രഹികളിൽ വാങ്ങേണ്ടവ,നിർമ്മി ക്കേണ്ടവ,ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിച്ച് ചിട്ടപ്പെടുത്തും | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| 4 | ശുചിത്വവുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങളെ സ്കൂളിലുള്ള ഓരോ പ്രവർത്തനവുമായി ബന്ധിപ്പിക്കും | 1 മുതൽ 4 വരെയുള്ള ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും | വ്യക്തി ശുചിത്വം,പരിസര ശുചിത്വം ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പിലാക്കും.കുട്ടികൾക്കും,രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ് നടത്തും.ശരിയായ ആഹാരശീലങ്ങളെക്കുറിച്ച് കുട്ടികളിൽ ധാരണ എത്തിക്കും. | എല്ലായ്പ്പോഴും | ഹെൽത്ത് ക്ലബ് അധ്യാപകർ H M | |

| | | | | | | |
|---|---|---|---|---|---|---|
| 5 | ശാസ്ത്രമൂല,എല്ലാ ക്ലാസ്സുകളിലും ഉറപ്പുവരുത്തുക | 1 മുതൽ 4 വരെ എല്ലാ ക്ലാസ്സുകളിലും | ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ കണ്ടെത്തും.ശാത്രകാരന്മാരെ പരിചയപ്പെടുത്തൽ പാഠഭാഗവുമായി ബന്ധപ്പെട്ട് വസ്തുക്കൾ ശാസ്തമൂലയിൽ ക്രമീകരിക്കും . | ജൂൺ മുതൽ മാർച്ച് വരെ | H M ക്ലാസ് ടീച്ചർ | |
| 6 | ശാസ്ത്ര ക്വിസ്സ് | 3,4 ക്ലാസ്സുകളിൽ | ആഴ്ചയിലൊരു ദിവസം ക്വിസ് മത്സരം നടത്തും. ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം നൽകും.(ഉപജില്ലാ-ജില്ലാ മത്സരങ്ങളിൽ) ശാസ്ത്ര പുസ്തകങ്ങൾ റഫറൻസ് ചെയ്യാനുള്ള അവസരം നൽകും. | എല്ലാ ആഴ്ചയിലും | സയൻസ് ക്ലബ് അംഗങ്ങൾ അധ്യാപകർ H M | |
| 7 | ദിനാചരണങ്ങൾ | 1 മുതൽ 4 വരെ എല്ലാ കുട്ടികളിലും | പരിസരപഠനവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ അസംബ്ലിയിൽ നടത്തും. ദേശീയ ദിനാചരണങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയാനുള്ള അവസരം നൽകും | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |


| | | | | | | |
|---|---|---|---|---|---|---|
| 8 | ശാത്രമേളയിൽ കുട്ടികളെ പങ്കാളികളാകും | 3,4 ക്ലാസ്സുകളിലെ കഴിവ് തെളിയിച്ച കുട്ടികൾ | ശാസ്ത്രമേളയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുകയും മത്സരങ്ങളിൽ പങ്കെടുക്കാനാവസരം നൽകുകയും ചെയ്യും. ആവശ്യമായ സമഗ്രഹികൾ സംഘടിപ്പിക്കും | | ക്ലാസ് ടീച്ചർ | |
| 9 | സംസ്ഥാനത്തെക്കുറിച്ച് പൊതുവായ അറിവ് രൂപവൽക്കരിക്കും. | 1 മുതൽ 4 വരെയുള്ള എല്ലാ വിദ്യാർത്ഥികളിൽ | മാപ്പ്, ഗ്ലോബ്, ICT എന്നിവ ലഭ്യമാക്കും. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കും. | | ക്ലാസ് ടീച്ചർ | |
| 10 | മണ്ണ് | 2,3,4 ക്ലാസ്സുകളിലെ എല്ലാ കുട്ടികളിലും | വിവിധ ഇനം മണ്ണുകൾ പരിചയപ്പെടുത്തും.മണ്ണ് ശേഖരണം മണ്ണ് സംരക്ഷണം പരീക്ഷണങ്ങൾ ഇവ നടപ്പിലാക്കും | | ക്ലാസ് ടീച്ചർ | |
| 11 | തൊഴിൽ | 3,4 ക്ലാസ്സുകളിലെ കുട്ടികളിൽ | വിവിധ തരം തൊഴിലുകൾ പരിചയപ്പെടുത്തുക. തൊഴിലിൻറെ മഹത്വം എന്ന ആശയം രൂപപ്പെടുത്തും. ഉപയോഗപ്പെടുത്തും പഠനയാത്രകൾ സംഘടിപ്പിക്കും (തൊഴിൽശാലയിലേക്ക്) | | ക്ലാസ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| | | | കൈത്തൊഴിലുകൾ ചെയ്യാനുള്ള അവസരം നൽകും | | | |
| 12 | പൊതു സ്ഥാപനങ്ങൾ | 2 മുതൽ 4 വരെ ക്ലാസ്സുകളിൽ | പൊതുസ്ഥാപനങ്ങൾ സന്ദർശിക്കാൻ അവസരം നൽകും.പൊതു സ്ഥാപനങ്ങളുടെ ഉപയോഗം തിരിച്ചറിയാൻ ICT ഉപയോഗപ്പെടുത്തും | | | |
| 13 | റോഡ് | 1 മുതൽ 4 വരെ ക്ലാസ്സുകളിൽ | റോഡ് നിയമങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തി കൊടുക്കും ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കും. | | അധ്യാപകർ | |



# മാസ്റ്റർ പ്ലാൻ -ഗണിതം

ആഴത്തിലുള്ളതും അർത്ഥപൂർണ്ണവുമായ അറിവിന്റെ സ്വാംശീകരണം സാധ്യമാക്കുന്ന ഇടമാണ് വിദ്യാലയം. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ഏറ്റവും ആസ്വാദ്യകരമായും സമഗ്രമായും പഠിതാവിൽ എത്തിക്കുന്നതാണ് ഓരോ അധ്യാപകന്റേയും മികവ്. എല്ലാ വിഷയങ്ങളിലും കുട്ടികൾ നേടേണ്ടുന്ന ചില അടിസ്ഥാന ശേഷികൾ അർത്ഥ പൂർണ്ണമായ രീതിയിൽ എത്തിക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ കൃത്യമായും വ്യക്തമായും സാധ്യമാക്കുന്നതിനായി വ്യത്യസ്ത പഠനതന്ത്രങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.അത്തരത്തിൽ ഗണിതവുമായി ബന്ധപ്പെടുത്തി ഓരോ കുട്ടിയും ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിലായി നേടേണ്ട ശേഷികളും ആ ശേഷികൾ ഫലപ്രദമായ രീതിയിൽ അവരിലേക്ക് എത്തിക്കുന്നതിനായി ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികളുമാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. രക്ഷാകർത്താക്കളുടെയും അധ്യാപകന്റേയും കുട്ടികളുടെയും കൈകൾ കോർത്തിണക്കി നമ്മുടെ കുട്ടികളെ മികവിൻറെ പാതയിൽ എത്തിക്കുന്നതിന് നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം.



## മാസ്റ്റർ പ്ലാൻ ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്സ്/ വിഷയം) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | 1 മുതൽ 10000 വരെയുള്ള സംഖ്യകൾ എണ്ണാനും എഴുതാനും പഠിക്കുന്നു | 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ | * കമ്പ് കെട്ടുകൾ,മഞ്ചാടിക്കുരു,മുത്തുകൾ, ബട്ടൻസ് തുടങ്ങിയവ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഉപയോഗപ്പെടുത്തുന്നു. * സംഖ്യാമാലകൾ നിർമ്മിക്കുന്നു.മഞ്ചാടി സഞ്ചി തയ്യാറാക്കൽ *ICTസാധ്യത പ്രയോജനപ്പെടുത്തി കളിപ്പെട്ടി പോലുള്ള ഗണിതകേളികളിൽ ഏർപ്പെടുന്നു. | ജൂൺ മുതൽ മാർച്ച് വരെയുള്ള പഠനകാലയളവ് | ക്ലാസ് ടീച്ചർ | |
| 2 | സങ്കലനം,വ്യവകലനം ,ഗുണനം,ഹരണം എന്നീ ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി നേടുന്നു. | 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ | പാഠപുസ്തകവുമായി ബന്ധപ്പെടുത്തിയും വർക്ക് ഷീറ്റുകൾ ഉപയോഗപ്പെടുത്തിയും കൂടുതൽ പഠന പ്രവർത്തനങ്ങൾ നൽകുന്നു. നിത്യ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഗണിത പ്രശ്നങ്ങൾ ക്ലാസ്സിൽ നൽകുകയും പരിഹരിക്കുകയും ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെയുള്ള പഠനകാലയളവ് | ഗണിത വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർ | |

| | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| * | പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ | 1, 2 | ഗണിത കിറ്റിലെ ഉപകരണങ്ങൾ ഉൾപ്പെടുത്തി കൂട്ടങ്ങളാക്കൽ | ജൂലൈ | ക്ലാസ്സ് ടീച്ചർ |
| * | സങ്കലന - വ്യവകലന ക്രിയകൾ സ്വായത്തമാക്കൽ | 1, 2 | ക്ലാസ്സിലൊരു കട, സ്കൂളിലൊരു കട, ഗണിതാശയങ്ങൾ പ്രായോഗിത രീതിയിലൂടെ ഉറപ്പിക്കൽ | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ |
| * | ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കൽ | 1, 2 | ഗണിതാലാപനം | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ |

| | | | | | | |
|---|---|---|---|---|---|---|
| 3 | സ്ഥാനവില അനുസരിച്ച് സംഖ്യകളെ എഴുതാനും വായിക്കുന്നതിനും ഉള്ള ശേഷി കൈവരിക്കുന്നു. | 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ | *അബാക്കസ്.സ്ഥാനവില പോക്കറ്റുകൾ തുടങ്ങിയ പഠനോപകരണങ്ങൾ ഉപയോഗപ്പെടുത്തി ക്ലാസ്സിൽ ഗണിത പഠനം നടത്തുന്നു.<br>*വർക്ക് ഷീറ്റുകൾ നൽകുന്നു<br>*കളിനോട്ടുകളും നാണയങ്ങളും ഉപയോഗപ്പെടുത്തുന്നു. ക്ലാസ്സിൽ നിരവധി ഗണിത പ്രശ്നങ്ങൾ പരിചയപ്പെടുത്തുകയും നിർദ്ധാരണം ചെയ്യുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെയുള്ള പഠനകാല യളവ് | ഗണിത അധ്യാപകൻ ,ക്ലാസ്സ് ടീച്ചർ | |
| 4 | വൃത്തം,ചതുരം,ത്രികോണം, എന്നീ രൂപങ്ങൾ തിരിച്ചറിയുന്നു | 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ | * നിത്യജീവിതവുമായി ബന്ധപ്പെടുത്തി പഠന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു.രൂപങ്ങൾ പരിചയപ്പെടുത്തുന്നു.<br>* വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കുന്നു.നിറം നൽകുന്നു.<br>* പാഴ്വസ്തുക്കൾ (തീപ്പെട്ടിക്കൂട്,ഈർക്കിൽ,കമ്പുകൾ,...) തുടങ്ങിയവ ഉപയോഗപ്പെടുത്തി വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെയുള്ള പഠനകാല യളവ് | ഗണിത അധ്യാപകൻ ,ക്ലാസ്സ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| 5 | വിവിധ അളവുകൾ (ഭാരം,ഉയരം,നീളം,..) പരിചയപ്പെടുന്നു.അളന്നു കണ്ടെത്തുന്നു | 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ | വിവിധ വസ്തുക്കൾ അളന്നും,തൂക്കിയും പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. കളിത്രാസുകൾ നിർമ്മിക്കുകയും കുട്ടിക്കടകൾ ക്ലാസ്സിൽ തന്നെ സംഘടിപ്പിക്കുകയും ചെയ്യുന്നു ചെറിയ പാത്രങ്ങൾ,അളവുപകരണങ്ങൾ എന്നിവ ഉപയോഗിച്ച് അളവുകൾ കണ്ടെത്തുന്നു. കാർബോർഡ്,മടൽ തുടങ്ങിയവ ഉപയോഗിച്ച് സ്കെയിൽ നിർമ്മിക്കുകയും വിവിധ വസ്തുക്കൾ അളന്ന്, മീറ്റർ,സെന്റിമീറ്റർ,മില്ലിമീറ്റർ തുടങ്ങിയ അളവുകൾ പരിചയപ്പെടുകയും ചെയ്യുന്നു. | ജൂൺ മുതലുള്ള പഠനകാലയളവ് | ഗണിതാധ്യാപകർ,ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |

| | | | | | | |
|---|---|---|---|---|---|---|
| 6 | സമയം,മണിക്കൂർ,മിനുട്ട്, സെക്കൻറ് എന്നിവ തിരിച്ചറിഞ്ഞ് പറയുന്നു. | 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ | * ക്ലോക്കുകൾ ഉപയോഗപ്പെടുത്തി പഠനപ്രവർത്തനങ്ങൾ നൽകുന്നു.<br>*കാർബോർഡ്,തെർമോക്കോൾ, കടലാസ്,ഈർക്കിൽ തുടങ്ങിയ പാഴ്‌വസ്തുക്കൾ ഉപയോഗപ്പെടുത്തികൊണ്ട് ക്ലോക്ക് നിർമാണത്തിൽ ഏർപ്പെടുന്നു.<br>*വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ മുതലുള്ള പഠനകാലയളവ് | ഗണിതാധ്യാപകർ,ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| 7 | കലണ്ടർ നോക്കി തീയതി,ദിവസം എന്നിവ തിരിച്ചറിയുന്നു. | 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ | *കലണ്ടർ പരിചയപ്പെടുന്നു.<br>*വിവിധ മാസങ്ങളിലെ കലണ്ടറുകൾ നിർമ്മിക്കുന്നു.<br>*പിറന്നാൾ കലണ്ടർ നിർമ്മിച്ച് പ്രദർശിപ്പിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. | ജൂൺ മുതലുള്ള പഠനകാലയളവ് | അധ്യാപകർ, രക്ഷിതാക്കൾ | |
| 8 | ഒന്നു മുതൽ 4 വരെയുള്ള ക്ലാസുകളിലെ ഗണിതത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ അടിസ്ഥാന ഗണിതാശയങ്ങൾ രൂപപ്പെടുത്തുന്നു | ഗണിതത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് | *1,2 ക്ലാസ്സുകളിൽ ഗണിതപഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകുന്നു.<br>*3-ാം ക്ലാസ്സിലെ പിന്നോക്കക്കാർക്ക് "ശ്രദ്ധ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ദിവസം ഒരു മണിക്കൂർ | ജൂൺ മുതലുള്ള പഠനകാലയളവ് | അധ്യാപകർ, ക്ലാസ് ടീച്ചർ,രക്ഷിതാക്കൾ, BRC പ്രതിനിധികൾ | |

| | | | | | | |
|---|---|---|---|---|---|---|
| | | | വച്ച് ക്ലാസുകൾ നൽകുന്നു.<br>*4-ാംക്ലാസ്സിലെ കുട്ടികൾക്ക് ഉച്ചയ്ക്ക് പ്രത്യേക പരിശീലനം<br>ഗണിതപ്രശ്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വർക്ക് ഷീറ്റുകൾ നൽകുന്നു<br>*ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | | | |
| 9 | ഗണിത ക്വിസുകൾ സംഘടിപ്പിക്കുന്നു | 2,3,4 ക്ലാസ്സിലെ കുട്ടികൾ | ആഴ്ചയിൽ എല്ലാ വെള്ളിയാഴ്ചകളിലും ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് ചോദ്യങ്ങൾ നൽകുകയും ബുധനാഴ്ചകളിൽ അവയുടെ ക്വിസ് നടത്തി സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെയുള്ള പഠന കാലയളവ് | ഗണിത ക്ലബ് കൺവീനർ | |
| 10 | ദിനാചരണങ്ങൾ സംഘടിപ്പിക്കുകയും ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുകയും ചെയ്യുന്നു<br>* | 2,3,4 ക്ലാസ്സിലെ കുട്ടികൾ | ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങൾ പരിചയപ്പെടുത്തുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.<br>ഗണിതശാത്രജ്ഞന്മാരെക്കുറിച്ച് പരിചയപ്പെടുത്തുകയും അവരുടെ സംഭാവനകൾ അവതരിപ്പിക്കുകയും പതിപ്പുകൾ നിർമ്മിക്കുകയും ചെയ്യുന്നു.<br>ഓരോ ദിനാചരണവുമായി ബന്ധപ്പെടുത്തി ക്വിസ് | ജൂൺ മുതൽ മാർച്ച് വരെയുള്ള പഠന കാലയളവ് | ഗണിതാധ്യാപകർ ക്ലബ് കൺവീനർ | |

| | | | | | | |
|---|---|---|---|---|---|---|
| | | | മത്സരങ്ങൾ സംഘടിപ്പിക്കുന്നു.സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. | | | |
| 11 | ഗണിത മാഗസിനുകൾ നിർമ്മിക്കുകയും ഗണിത മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു. | 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ | ഓരോ ക്ലാസ്സടിസ്ഥാനത്തിലും ഗണിത പ്രവർത്തനങ്ങൾ,ക്വിസുകൾ ,പസിലുകൾ,ശാസ്ത്രജ്ഞർ തുടങ്ങിയവയൊക്കെ ഉൾപ്പെടുത്തി ഗണിത മാഗസിനുകൾ തയ്യാറാക്കുന്നു.മികച്ചവയ്ക്ക് സമ്മാനങ്ങൾ നൽകുന്നു.<br>*മേളകളിൽ പങ്കെടുക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുകയും മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്നവരെ കണ്ടെത്തി ഗണിത ശാസ്ത്ര മേളകളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. | പഠന കാലയളവ് | ഗണിത ക്ലബ് അംഗങ്ങൾ ക്ലബ് അധ്യാപകർ<br>ഗണിതാധ്യാപകർ | |
| 12 | ഗണിത ലാബ്/ ഗണിത മൂല എന്നിവ തയ്യാറാക്കുന്നു | 1-4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ | ഓരോ ക്ലാസ്സിലും ഗണിത പഠനം സാധ്യമാക്കുന്നതിനായുള്ള പഠനോപകരണങ്ങൾ,അധ്യാപകൻറെയും രക്ഷിതാവിൻറെയും ,കുട്ടികളുടെയും പൂർണ പിന്തുണയോടെ നിർമ്മിക്കുകയും ക്ലാസ്സിൽ | 1 വർഷം | അധ്യാപകൻ, രക്ഷിതാവ്, കുട്ടികൾ | |

| | | | | | | |
|---|---|---|---|---|---|---|
| | | | പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | | | |
| 13 | <u>ഗണിത ക്ലബ്</u><br>ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ കൂടുതൽ മികച്ച രീതിയിൽ നടപ്പിലാക്കുന്നു | 2,3,4 ക്ലാസ്സിലെ കുട്ടികൾ | ഗണിത ക്ലബ്ബിൽ കുട്ടികളെ അംഗങ്ങളാക്കുകയും ആഴ്ചയിൽ ഒരു ദിവസം ക്ലബ് മീറ്റിങ്ങ് കൺവിനറുടെ നേതൃത്വത്തിൽ നടത്തുകയും ഗണിതാഭിരുചി വളർത്താനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക കാലയളവ് | ഗണിത ക്ലബ് കൺവീനർ | |



# Master plan - English

English in India today is a symbol of people's aspirations for quality in education and fuller participation in national and international life. English is the language that empowers our people in present context. The language has so strong a data base on the internet that it is widely used in social media to connect people of different Nationalities. As the language of trade and commerce higher education and Science English enjoys a status which no other language has.

The aims of English teaching in primary classes are to stimulate the interest of the young learners and to make the learning of English fun and lead them to the world of English. To help the learners acquire the four language skills ie .Listening , Speaking , Reading and Writing. To help the learners acquire a a strong grammatical base and to use the elements of grammar correctly and effectively.

To enable learners to communicate effectively in real life situations. In addition to all these to inculcate values in the process of learning the language values like sharing, caring, working together and basic honesty, which help the students to develop the right attitude towards life.


It is essential to ensure equality in the learning activity. In the classroom opportunities must be created to develop the leadership skills among children. Life skill education help the learner to face life with self-confidence. It is our duty to protect all the rights of children. So we are compelled to give peace education, Education in protection of nature , and natural resources and environmental hygiene. Legal literacy, awareness of cyber crimes, Media literacy and valuable educations with the help of Psychologist, Health workers, Doctors, Teachers and Counsellors.

To achieve the aims of the effective language use we the teachers of S.H.A,L.P.S are guided by the following principles.

Learner centeredness, contextualization, learning focused interactions, integration, process orientation, spiral progression, facillating assessment for learning. Learning should be activity based , process related, ensuring learning , suitable to achieve learning objectives, Environmental based considering areas of development, suitable to the nature of learner, Integrating learning and evaluation.

## Learning Resources

Learning resources are essential for the effective transaction of the curriculum. For the successful completion of the learning activities the following learning resources should be properly utilized in our school.



| Sl No | Aims | Target group | Activities | Duration | Incharge | |
|---|---|---|---|---|---|---|
| 1 | All students acquire A grade in English | I to IV STD children | Completing the syllabus<br>Encourage children English Campus.<br>Unite Test<br>School camp<br>Expert Teacher's Classes, Grammar based classes<br>House Visiting<br>Parent orientate classes<br><br>Hellow English | June to March | English Teachers | |
| 2 | Children should get aptitude towards English | I to IV STD Students | Assembly (in English) once in a weak leading by students. News reading, thoughts<br>Introducing English Magazines, story books etc..<br>Communication only in English by teachers and students | June to March | IV STD Students | |
| 3 | Visit the best schools | Teachers | Accept the best activities of neighbouring schools. | June to March | | |

| | | | | | | |
|---|---|---|---|---|---|---|
| * | To speak, read, and write english without any mistakes. | 1, 2<br><br><br><br><br><br><br><br>3, 4 | Action song<br>Conversation<br>Skit stories<br>Growing sentences<br>Picture description<br>Make word-web<br><br><br>Action words activity<br>spoken English training<br>English announcements<br>English corner | June | Class Teacher | |
| * | English for all | 1, 2, 3, 4 | | | Class Teacher | |

| Sl. No | Aims | Target group | Activities | Duration | Incharge | |
|---|---|---|---|---|---|---|
| 4 | English Library | I to IV STD children | All the students should able to listen speak read and write in English. In the school library we provide, story books, poems, dramas, coloring books etc and get maximum no. of books of English | June to March | | |
| 5 | Workshop | | Making work book, games etc | June to March | | |
| 6 | English lab | I to IV std children | Magazine making, skit, drama, Riddles, choreography, shadow play etc. | June to March | | |
| 7 | Bala Sabah | | Once in a month cultural activities | | | |
| 8 | ICT Possi-bilities | | Provide learning experiences according to different learning styles | | | |
| 9 | Learning assistance & Protection | C.W.S.N. students | Identify the limitation's accepted and respected. Through the combined effort of all teachers we provide special coaching, Special module etc.. | June to March | English Teachers | |

| Sl. No | Aims | Target group | Activities | Duration | Incharge | |
|---|---|---|---|---|---|---|
| 10 | Care of gifted children | Gifted chil-dren 1 to 4 | Special consideration school activities and infrastructure have to be scientifically organized to facilitate inclusive education | | | |
| 11 | Assessment & Remedical teaching | 1 to 4 std students | Identify learners needs, abilities and interests, obviousing learning gaps, monitoring learning and providing timely and useful feed back for improving learning and self assessment will result in facilitating assessment for learning | | English Teachers | |

# സാമൂഹികം,ഭൗതികം.


| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല, സാമ്പത്തികം |
|---|---|---|---|---|
| 1 | ഒന്നാം ക്ലാസ്സ് ഒന്നാം തരമാക്കൽ | എല്ലാ കുട്ടികൾക്കും കസേര,ചിത്രം വരച്ച ചുവരുകൾ,കഥപറയും ചിത്രങ്ങൾ,കളിക്കോപ്പുകൾ,കഥ വായന സമഗ്രഹികൾ,നിറം നൽകൽ,ചിത്ര വായന ഇവയൊക്കെ ഉതകുന്നു. | 2024 ജൂൺ മുതൽ 1 വർഷം | |
| 2 | ക്ലാസ്സ് ലൈബ്രറി | പുസ്തകങ്ങൾ,ക്രയോൺസ്,കളർ പെൻസിൽ,ബോക്സുകൾ വായിച്ചു വളരുക എന്ന ലക്ഷ്യത്തോടെ പുസ്തക ശേഖരണം എല്ലാ ക്ലാസ്സിലും ഷെൽഫ് സൗകര്യം | 2024 ജൂൺ | രക്ഷിതാക്കൾ പൊതു സമൂഹം |
| 3 | സ്കൂൾ ലൈബ്രറി | അലമാരകൾ,കുട്ടികൾക്ക് മേശ,കസേര സൗകര്യം,ധാരാളം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന വിപുലമായ ലൈബ്രറി അധ്യാപകരുടെ നേതൃത്വം വായനക്ക് ധാരാളം അവസരങ്ങൾ,വായിച്ചാ അറിവുകൾ ക്ലാസ്സിൽ പങ്കുവയ്ക്കൽ പുസ്തകങ്ങളെ കുറിച്ചുള്ള അഭിപ്രായങ്ങൾ വായിച്ച പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യൽ<br>വർഷാവസാനം ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ചവർക്ക് സമ്മാനം നൽകൽ.<br>നിരൂപണം തയ്യാറാക്കൽ | 2024 ജൂൺ<br>പുസ്തക ശേഖരണം തുടർച്ച | പൊതു സമൂഹത്തിൽ നിന്നും സംഭാവന P.T.A |

| | | | | |
|---|---|---|---|---|
| 4 | വാഹന സൗകര്യം | വിദ്യാലയത്തിന് ഫീഡിങ്ങ് ഏരിയ വളരെ വിശാലമായതിനാൽ കുട്ടികൾക്ക് വിദ്യാലയത്തിൽ എത്തി ചേരുവാൻ സൗകര്യം കണക്കാക്കി പരമാവധി വാഹന സൗകര്യം ഏർപ്പെടുത്തുന്നു. | | PTA അധ്യാപകർ |
| 5 | കമ്പ്യൂട്ടർ,LCD ,സ്മാർട്ട് ക്ലാസ് റൂം,എല്ലാ ക്ലാസ്സിലും അധ്യാപകൻറെ കൈവശം ലാപ്ടോപ്പ് | ആധുനികവും,എളുപ്പവും, കാര്യക്ഷമവുമായ വിദ്യാഭ്യാസം കുട്ടികളിൽ എത്തിക്കുന്നതിനായി ക്ലാസ് മുറികളിൽ ആധുനിക സാങ്കേതിക വിദ്യ ഉറപ്പുവരുത്തുന്നു ഏറ്റവും പുതിയ കാര്യങ്ങൾ ക്ലാസ് മുറികളിൽ നിന്നും അധ്യാപകൻറെ സഹായത്തോടെ കണ്ടെത്തി രക്ഷിതാക്കളിലേക്ക് എത്തിക്കത്തക്കവിധം കുട്ടികൾ പ്രാപ്തി നേടുന്നു. | | |
| 6 | ജനറൽ പി.ടി.എ ക്ലാസ് പി.ടി.എ | പ്രവർത്തനങ്ങൾ വിലയിരുത്തൽ,കുട്ടിയെ അറിയൽ,പരിഹാര ബോധനം,രക്ഷിതാക്കളുടെ പങ്കാളിത്തം. | | |
| 7 | സാമൂഹ്യപങ്കാളിത്തം വിദ്യാലയത്തിൽ<br><br>Talent Lab | സമൂഹത്തിലെ വിവിധ മേഖലകളിൽ കഴിവു തെളിയിച്ച വ്യക്തികളെ വിദ്യാലയത്തിൽ എത്തിക്കുകയും അവരുടെ പ്രകടനങ്ങൾ കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.<br>ഉദാ:<br>കലാകാരൻമാർ,വാദ്യമേളക്കാർ, സാമൂഹ്യപ്രവർത്തകർ,കായിക മേഖലയിൽ പ്രാവിണ്യം നേടിയവർ<br>കുട്ടികൾ· അവരുടെ | | |

| | | | | |
|---|---|---|---|---|
| | | അഭിരുചിക്കനുസരിച്ചുള്ള മേഖലകളിൽ പ്രാവീണ്യം നേടുവാനുള്ള അവസരം ഒരുക്കികൊടുക്കുന്നു. | | |
| 8 | കൃഷിയെ അറിയാൻ | കാർഷിക മേഖലയിൽ നിന്നും അകന്നുപൊയ്ക്കൊണ്ടിരുന്ന ഈ കാലഘട്ടത്തിൽ കൃഷിയുടെ മാഹാത്മ്യം,ജൈവ വള പ്രയോഗം,എൻറെ പച്ചക്കറിത്തോട്ടം പദ്ധതി വിദ്യാലയത്തിലും,വീട്ടിലും,കീട നാശിനി പ്രയോഗമില്ലാതെ എങ്ങനെ കൃഷി നടത്താം തുടങ്ങിയ മേഖലകളിലുള്ള അറിവ് കുട്ടികളിൽ എത്തിക്കുന്നു ഇതിനായി<br>*മുതിർന്ന കർഷകരുമായി അഭിമുഖം<br>*പഴയകാല കൃഷിരീതികൾ പരിചയപ്പെടൽ<br>*കൃഷി പാട്ടുകൾ മുതിർന്നവരിൽ നിന്നും ശേഖരിച്ച് വിദ്യാലയത്തിൽ<br>*കവിയരങ്ങ് നടത്തുന്നു. കൃഷിയിടങ്ങൾ സന്ദർശിക്കൽ<br>*വയലുകളിൽ ഞാറു നടുന്ന സമയം മനസിലാക്കി അവിടേക്ക് ഒരു പഠനയാത്ര. | | |
| 9 | മഴക്കാല രോഗങ്ങൾ പ്രതിരോധ മാർഗ്ഗങ്ങൾ പകർച്ച വ്യാധികൾ ആരോഗ്യ വിഭാഗവുമായി ബന്ധപ്പെട്ട് ക്ലാസുകൾ | ഹെൽത്ത് ക്ലബിൻറെ അഭിമുഖ്യത്തിൽ ദന്തപരിചരണം, പകർച്ച വ്യാധികളെ നേരിടുന്നതെങ്ങനെ, M.R.S ലായനി ,കൊതുക് പരത്തുന്ന രോഗങ്ങൾ,പ്രതിരോധ മാർഗ്ഗങ്ങൾ | | |


| | | | | |
|---|---|---|---|---|
| 10 | കൗൺസിലിംഗ് | പെരുമാറ്റ വൈകല്യം,അസ്വാഭാവിക പ്രവർത്തനങ്ങൾ കാണിക്കുന്നവർ,ഭിന്നശേഷിക്കാർ, ഹൈപ്പർ വിഭാഗത്തിൽപ്പെട്ടവർ,പഠനവൈകല്യം നേടുന്നവർ തുടങ്ങിയ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം ലഭിച്ച കൗൺസിലർമാരുടെ സഹായം ലഭ്യമാക്കുന്നു.രക്ഷിതാക്കളുടെ പിന്തുണയും,സഹായവും ഉപയോഗപ്പെടുത്തുന്നു. | | |
| 11 | വിവിധ ക്ലബ് പ്രവർത്തനങ്ങൾ ഭാഷാ,റീഡിങ്ങ് ക്ലബുകൾ സയൻസ്, സോഷ്യൽ സയൻസ്, ഹെൽത്ത് ക്ലബ് | വിവിധ ക്ലബ്ബു പ്രവർത്തനങ്ങളിലൂടെ ശാസ്ത്രാഭിരുചി,വ്യക്തിശുചിത്വം ,രോഗപ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയിലെല്ലാം അഭിരുചിനേടുന്നു പ്രസംഗ പരിശീലനം,പത്ര ക്വിസ്,ലൈബ്രറി,പതിപ്പ്-നിർമ്മാണം,ക്വിസ് മത്സരങ്ങൾ,പുസ്തക ശേഖരണം ,ശാസ്ത്രമേള,കലാമേള,കായികമേള എന്നിവയ്ക്കായി ഒരുക്കൽ,സ്കൂൾ തല,ഉപജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | | |
| 12 | Work sheet, വായന കാർഡ് നിർമ്മാണം Work shop | അധ്യാപകർ വിഷയാടിസ്ഥാനത്തിൽ ഒന്നിച്ചിരുന്ന് ഓരോ പഠനശേഷിയും നേടുന്നതിനാവശ്യമായ work sheet കളും വായനക്കാർഡുകളും നിർമ്മിക്കുന്നു. അച്ചടി വിതരണം എന്നിവയ്ക്കാവശ്യമായ സാമ്പത്തിക സഹായം S.S.A,യും P.T.A യും കണ്ടെത്തുന്നു. | .. | |
| 13 | ഭിന്നശേഷി സൗഹൃദ വിദ്യാലയം | BRC, IED Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ, പ്രോത്സാഹനം, പ്രഗത്ഭരുടെ സേവനം | | |

# ജൈവ വൈവിധ്യ ഉദ്യാനം



| നമ്പർ | ലക്ഷ്യം | ജൈവ വൈവിധ്യോദ്യാനം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | സ്കൂൾ പരിസരം ആകർഷകമാക്കൽ | 1 മുതൽ 4 വരെയുള്ള കുട്ടികൾ | സ്കൂൾ പരിസരത്ത് സ്കൂളിന്റെ തെക്കു ഭാഗത്തും കിഴക്കു ഭാഗത്തും 5 സെന്റ് വീതം തരിശായിക്കിടക്കുന്ന സ്ഥലത്ത് ചെമ്പരത്തി,റോസ്,വാടാമുല്ല,ചെത്തി,ചെണ്ടുമല്ലി, കടലാസു പുഷ്പം തുടങ്ങിയ പൂച്ചെടികൾ വിവിധ നിറത്തിലുള്ള ചെടികൾ നട്ടു പിടിപ്പിക്കുന്നു.കൂടാതെ, നിശാഗന്ധി,പത്തുമണിപ്പൂവ്,നാലുമണിപ്പൂവ്,കണിക്കൊന്ന,കമ്മൽപ്പൂവ്,പാരിജാതം തുടങ്ങി ഒരേ നിറത്തിലുള്ള പൂക്കളുണ്ടാകുന്ന പൂച്ചെടികളും നട്ടു പിടിപ്പിക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | അധ്യാപകർ, ഹെൽത്ത് ക്ലബ്ബ് | 1000 രൂപ P.T.A യിൽ നിന്നും കണ്ടെത്തുന്നു. |
| 2 | എല്ലാ സ്പീഷ്യസിലും ഉൾപ്പെടുന്ന സസ്യങ്ങളെ സംരക്ഷിക്കലും പരിചയപ്പെടലും | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | സ്കൂൾ പരിസരം മനോഹരമാക്കാൻ ഇത് സഹായിക്കും. കൂടാതെ ഇന്ന് ലോകത്തു നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതും നാശോന്മുഖവുമായ വ്യത്യസ്ത സ്പീഷ്യസ് സസ്യങ്ങളെ സംരക്ഷിക്കുകയും നില നിർത്തുകയും പരിചയപ്പെടുകയും ചെയ്യാൻ ഈ പ്രവർത്തനം സഹായകരമാകും. | ജൂൺ മുതൽ 3 വർഷം | അധ്യാപകരും കുട്ടികളും | |



# 2025-2026 അധ്യയന വർഷത്തെ മികവ്

## "ശബ്ദങ്ങൾക്കപ്പുറം"

### (വായനയിലൂടെ എഴുത്തിലേക്ക്)

**മുന്നൊരുക്ക പ്രവർത്തനങ്ങൾ**

1) എന്റെ കുട്ടികൾ പ്രവർത്തന ബുക്ക് തയ്യാറാക്കുന്നു
2) ഭവന സന്ദർശനം
3) രക്ഷിതാക്കളെ അറിയിക്കൽ.

**ക്ലാസ് തല പ്രവർത്തനങ്ങൾ.**

1) കേൾവിക്ക് അവസരങ്ങൾ നൽകുന്നു
(കഥകൾ,പാട്ടുകൾ,വാർത്തകൾ,മറ്റ് വ്യവഹാര രുപങ്ങൾ.)

2) കാണുവാൻ അവസരം നൽകുന്നു
(ആകർഷകമായ പദകാർഡുകൾ, ചാർട്ടുകൾ, വായന കാർഡുകൾ, കഥ പുസ്തകങ്ങൾ,ലൈബ്രറി ബുക്കുകൾ.)

3) വായനയ്ക്കും എഴുത്തിനും അവസരം നൽകുന്നു

**ഉൽപ്പന്നങ്ങൾ:**

A) കഥകൾ
B) കവിതകൾ
C) വായനാ കാർഡുകൾ
D) മാഗസിൻ നിർമ്മാണം.

SACRED HEART A.L.P.S.
School Code: 13424
PAYYAVOOR